6. ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സൗത്ത്, കെ.എസ്.ഇ.ബി.

7. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വൈൽഡ് ലൈഫ്

8. ചെയർമാൻ, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

9. ഐ.എൽ.ആന്റ് എഫ്.എസ്., എക്കോ സ്മാർട്ടിന്റെ പ്രതിനിധി

10. ചീഫ് എഞ്ചിനീയർ (ജനറൽ), തിരുവിതാംകൂർ ദേവസ്വം ബോർഡ്

11. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

കൂടാതെ സ്ഥിരം ക്ഷണിതാവായി സ്പെഷ്യൽ കമ്മീഷണറേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 25-2-2015, 26-2-2015 മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) മാസ്റ്റർപ്ലാനിൽ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളുമാണ് വിഭാവന ചെയ്തിട്ടുള്ളത്. ആയത് നടപ്പിലാക്കുന്നതിലേയ്ക്കായി നിലവിൽ മാസ്റ്റർപ്ലാൻ സമിതി യഥാസമയം യോഗം ചേരുന്നുണ്ട്.

ശബരിമല തീർത്ഥാടന വരുമാനം

131 (823) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വൃശ്ചികം ഒന്നുമുതൽ മകരവിളക്കുവരെ ശബരിമല ക്ഷേത്രത്തിലെ ആകെ വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; മുൻവർഷം ലഭിച്ചതിന്റെ എത്ര വർദ്ധനയാണ് ഈ വർഷം ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കാണിക്ക ഇനത്തിലും പ്രസാദങ്ങൾ വിറ്റ ഇനത്തിലും ആകെ വരവ് - 219,15,79,257 രൂപ. (ഇരുന്നൂറ്റി പതിനഞ്ച് കോടി പതിനഞ്ച് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തിയേഴ് രൂപാ മാത്രം). മുൻവർഷത്തേക്കാൾ 7.6% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly